# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 716 | 28.02.2018-ൽ മറുപടിയ്ക്ക് |

## കാലിത്തീറ്റ സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | ക്ഷീര കർഷകർക്ക് മിൽമ സഹകരണ സംഘങ്ങൾ വഴി നൽകി വരുന്ന കാലിത്തീറ്റയുടെ സബ്സിഡി നിർത്തലാക്കിയിട്ടുണ്ടോ ; | (എ) | മിൽമയുടെ മേഖല യൂണിയനുകൾ സ്വന്തം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സബ്സിഡി നൽകാൻ കഴിയുന്ന സാഹചര്യങ്ങളിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകാറുണ്ട്. ഇപ്പോൾ ക്ഷീരവിപണന ഫെഡറേഷൻ കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 100/- രൂപ ഡിസ്കൗണ്ട് നൽകി വരുന്നുണ്ട്. |
| (ബി) | ഇപ്രകാരം നൽകിവരുന്ന സബ്സിഡി എത്രയായിരുന്നുവെന്ന് അറിയിക്കുമോ ; | (ബി) | മിൽമയുടെ മേഖല യൂണിയനുകൾ സ്വന്തം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സബ്സിഡി നൽകാൻ കഴിയുന്ന സാഹചര്യങ്ങളിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകാറുണ്ട്. തിരുവനന്തപുരം മേഖല യൂണിയൻ 2017-18 കാലയളവിൽ നാളിതുവരെ 9,43,78,500/-രൂപ, കാലിത്തീറ്റ സബ്സിഡി ഇനത്തിൽ ക്ഷീരകർഷകർക്ക് നൽകിയിട്ടുണ്ട്.<br>ഫണ്ടിന്റെ ലഭ്യത കുറവ് മൂലം മിൽമയുടെ മലബാർ മേഖല യൂണിയനും എറണാകുളം മേഖല യൂണിയനും 2017-18 വർഷത്തിൽ കാലിത്തീറ്റ സബ്സിഡി ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| (സി) | കേരള ഫീഡ്സ് ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വിലയേക്കാൾ എത്ര രൂപയുടെ വ്യത്യാസമാണ് മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റക്ക് ഉണ്ടായിരുന്നത് ; കേരള ഫീഡ്സ് ലഭ്യമാക്കുന്ന കാലിത്തീറ്റക്ക് സബ്സിഡി ലഭ്യമാണോ ; | (സി) മിൽമയും കേരള ഫീഡ്സും വ്യത്യസ്ത ഗുണനിലവാരത്തിലുള്ള മൂന്ന് തരം കാലിത്തീറ്റയാണ് വിപണിയിൽ എത്തിക്കുന്നത്. ഇവയുടെ വില 1010 രൂപ മുതൽ 1250 വരെയാണ്. വിശദമായ വിലവിവരപട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. സബ്സിഡി ലഭ്യമാണ് |
| (ഡി) | ക്ഷീര കർഷകർക്ക് വിതരണം ചെയ്യുന്ന മിൽമ കാലിത്തീറ്റക്ക് സബ്സിഡി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) മിൽമ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കാലിത്തീറ്റയ്ക്ക് ക്ഷീരവിപണന ഫെഡറേഷൻ 50 കിലോ ചാക്കൊന്നിന് 100/- രൂപ സബ്സിഡി നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# കേരള ഫീഡ്സ് കാലിത്തീറ്റ വില വിവര പട്ടിക

| കാലിത്തീറ്റ ഇനം | വിൽപ്പന വില | നിലവിൽ ഡിസ്കൗണ്ട് കഴിഞ്ഞിട്ടുള്ള വില |
|---|---|---|
| റിച്ച് | 1010/- | 920/- |
| മിടുക്കി | 1140/- | 945/- |
| എലൈറ്റ് | 1125/- | 1010/- |

## മിൽമ കാലിത്തീറ്റ വില വിവര പട്ടിക

| കാലിത്തീറ്റ ഇനം | വിൽപ്പന വില | നിലവിൽ ഡിസ്കൗണ്ട് കഴിഞ്ഞിട്ടുള്ള വില |
|---|---|---|
| ഗോമതി റിച്ച് | 1025/- | 925/- |
| ഗോമതി ഗോൾഡ് | 1155/-/- | 1055/- |
| ബൈപ്രോ | 1250/- | ഡിസ്കൗണ്ട് ഇല്ല |

(signature)

സെക്ഷൻ ഓഫീസർ